## അദ്ധ്യായം പന്ത്രണ്ട്

# സ്ത്രീകൾ ശുശ്രൂഷയിൽ
**(Women in Ministry)**

സഭയിൽ ഭൂരിപക്ഷവും സ്ത്രീകളാണ്. ദൈവത്താൽ അധിഷ്ടിതമായ അവരുടെ ഉത്തരവാദിത്തത്തെ അറിയേതാവശ്യമാണ്. സഭയിലും ശുശ്രൂഷയിലും സ്ത്രീകൾ പ്രധാനപ്പെട്ട പ ങ്കുവഹിക്കുന്നവരായി പരിഗണിക്കപ്പെടുന്നു.

എല്ലാവരും സ്ത്രീകളുടെ ഈ പ്രാധിനിത്യത്തെ അംഗീകരിക്കണം എന്നില്ല. പലപ്പോഴും നേതൃത്വം, പ്രസംഗം മുതലായ ശുശ്രൂഷയുടെ മേഖലകളിൽ അവർക്ക് വിലക്ക് ഏർപ്പെടുത്തിയിട്ട്. ചില സഭകൾ വനിതാ പാസ്റ്റർമാരെ അംഗീകരിക്കുന്നു. എന്നാൽ ഭൂരിഭാഗ സഭകളും അംഗീകരിക്കുന്നില്ല. ചില സഭകൾ സ്ത്രീകളെ ഉപദേശകരായി അംഗീകരിക്കുന്നു, എന്നാൽ മറ്റുചിലർ അംഗീകരിക്കുന്നില്ല. ചിലർ സ്ത്രീകളെ വചനശുശ്രൂഷയിൽ വിലക്കുന്നു.

പൗലോസ് 1 കൊരി: 14:34–35, 1 തിമോ:2:11, 3:7 എന്നീ വചന ഭാഗങ്ങളിൽ പൗലോസിന്റെ അഭിപ്രായത്തെ വ്യത്യസ്തമായ രീതിയിൽ വ്യാഖ്യാനിച്ചാണ് ഈ വിലക്ക് കൽപ്പിച്ചിരിക്കുന്നത്. ഈ വചനഭാഗങ്ങളാണ് നമ്മൾ പഠനത്തിന് വിധേയമാക്കാൻ പോകുന്നത്.

### തുടക്കം മുതൽ
**(From the Beginning)**

തുടക്കത്തിൽ തന്നെ സ്ത്രീകളെക്കുറിച്ച് വചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്നതെന്തെന്ന് നോക്കാം. പുരുഷനെപ്പോലെ സ്ത്രീയും ദൈവത്തിന്റെ സാദൃശ്യത്തിലാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.

> ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു, ദൈവത്തിന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു, ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു (ഉൽപ:1:27).

ഹവ്വയെ സൃഷ്ടിക്കുന്നതിന് മുൻപ് ദൈവം ആദമിനെ സൃഷ്ടിച്ചു. പൗലോസിനെ സംബന്ധിച്ചിടത്തോളം ആത്മീകമായി വളരെ പ്രാധാന്യമുള്ള ഒരു കാര്യമാണിത് (1 തിമോ: 2:3). സൃഷ്ടിയുടെ ക്രമത്തിന്റെ ഈ പ്രാധാന്യം നമുക്ക് പിന്നീട് ചിന്തിക്കാം. എന്നാൽ ഇതൊന്നും സ്ത്രീയുടെ മേൽ പുരുഷന് മേധാവിത്വം അവകാശപ്പെടുവാനുള്ള തെളിവുകൾ അല്ല. പുരുഷൻ സൃഷ്ടിയിൽ ആദ്യനാണെന്ന അവകാശം

ഒരിക്കലും സ്ത്രീയുടെ മേൽ പുരുഷന് ആധിപത്യം സ്ഥാപിക്കാംഎന്നുള്ളതിന്റെ തെളിവല്ല. മനുഷ്യനെ സൃഷ്ടിക്കുന്നതിന് മുമ്പ് ദൈവം മൃഗങ്ങളെ സൃഷ്ടിച്ചു (ഉൽപ 1:24-28) തന്മൂലം മൃഗങ്ങൾക്ക് മനുഷ്യന്റെമേൽ മേധാവിത്വം അവകാശപ്പെടാൻ കഴിയുമോ?[52]

പുരുഷന്റെ തക്ക തുണയായി ദൈവം സ്ത്രീയെ സൃഷ്ടിച്ചു (ഉല്പ 2:18). പുരുഷനെ തുണക്കുന്നതിലൂടെ കുടുംബജീവിതത്തിൽ അവൾക്കുള്ള പരാധീനതയല്ല മറിച്ച് പങ്കാളിത്തമാണ് വെളിപ്പെടുന്നത്. പരിശുദ്ധാത്മാവ് നമ്മുടെ തുണയാണ്. നമ്മെ തുണയ്ക്കുന്നു എന്നത്കൊ് പരിശുദ്ധാത്മാവ് നമ്മെക്കാൾ താഴ്ന്നവനല്ല, ഉന്നതനാണ്. ദൈവം സ്ത്രീയെ പുരുഷന് തുണയായി നൽകി. പുരുഷന് ഒരു സഹായി ആവശ്യമാണെന്ന് ദൈവം മനസ്സിലാക്കി. മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല എന്ന് ദൈവമാണ് പറഞ്ഞത് (ഉല്പ:2:18).

ആദ്യമനുഷ്യനിൽനിന്നും ആദ്യസ്ത്രീയെ ഉാക്കിയെന്ന് ഉല്പത്തി പുസ്തകത്തിന്റെ പ്രഥമ താളുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു. സ്ത്രീയും പുരുഷനും രല്ല ഒരു ദേഹമത്രേ, സ്ത്രീയില്ലാതെ പുരുഷൻ അപൂർണ്ണനാണ്. പുരുഷനിൽനിന്നു സ്ത്രീയെ വേർപെടുത്തിയ ദൈവം തന്നെയാണ് വിവാഹത്തിലുടെ അവരെ ഒന്നാക്കിയത്. ഈ ബന്ധത്തിലൂടെ അവർ സ്നേഹവും സന്തോഷവും പരസ്പരം അനുഭവിക്കണം.

പുരുഷൻ സ്ത്രീയേക്കാൾ ഉന്നതനല്ല. സ്ത്രീ പുരുഷനേക്കാൾ ശ്രേഷ്ടയുമല്ല. അവർ തുല്യപ്രാധാന്യം അർഹിക്കുന്നവരാണ്. വിവാഹത്തിലെന്നപേലെ ശുശ്രൂഷയിലും ദൈവം വ്യത്യസ്ത പങ്കാളിത്തം നൽകിയിരിക്കുന്നു; യേശുവിൽ എല്ലാവരും ഒന്നത്രേ! ആണും പെണ്ണും എന്നില്ല. നിങ്ങൾ എല്ലാവരും ക്രിസ്തുവിൽ ഒന്നത്രേ (ഗലാ 3:28).

## സ്ത്രീകൾ പഴയനിയമ ശുശ്രൂഷയിൽ
## (Women in Ministry in the Old Testment)

പഴയ നിയമ കാലഘട്ടത്തിൽ ദൈവിക ഉദ്ദേശത്തിനായി ഉപയോഗിക്കപ്പെട്ട ചില സ്ത്രീകളെക്കുറിച്ച് നമുക്ക് ചിന്തിക്കാം. പുതിയ നിയമ കാലത്തെപ്പോലെ പഴയ നിയമകാലഘട്ടത്തിലും ദൈവം പുരുഷന്മാരേയാണ് ആദ്യമായി തന്റെ വേലക്കായി വിളിച്ചത്. പഴയ നിയമ കഥകളിൽ നിറഞ്ഞു നില്ക്കുന്ന കഥാപാത്രങ്ങളാണ് മോശ, അഹരോൻ, യോശുവ, ജോസഫ്, ശമുവേൽ, ദാവീദ് മുതലായവർ.

[52] . ആദമിന് ശേഷമുള്ള മനുഷ്യരുടെ എല്ലാം സൃഷ്ടി സ്ത്രീയുടെ സൃഷ്ടിക്കുശേഷമുള്ളതാണ്. ആദമിന് ശേഷമുള്ള എല്ലാ മനുഷ്യരും സ്ത്രീയിൽനിന്ന് ജനിച്ചവരാണ് എന്ന് പൗലോസ് 1 കൊരി 11:11-12ൽ ഓർമ്മിപ്പിക്കുന്നു. ഈ സൃഷ്ടിയുടെ ക്രമം ഒരിക്കലും പുരുഷൻ സ്ത്രീയേക്കാൾ താഴ്ന്നതാണ് എന്ന് തെളിയിക്കുന്നില്ല.

ദൈവത്താൽ നിർണ്ണയപ്രകാരം ക്ഷണിക്കപ്പെട്ടവരെ സ്ത്രീയെന്നോ, പുരുഷനെന്നോ വ്യത്യാസമില്ലാതെ ദൈവം തന്റെ മഹത്ത്വമാർന്ന വേല ഏല്പിക്കും.

സ്ത്രീകളുടെ ശുശ്രൂഷയെ പരിഗണിക്കുന്നതിനുമുമ്പ് ശ്രദ്ധേയമായ ഒരു കാര്യം പ്രസ്താവിക്കട്ടെ - ദൈവത്തിനുവേി പ്രശോഭിച്ച പ്രഗത്ഭന്മാരെല്ലാം സ്ത്രീയിൽ ജനിച്ചുവളർത്തപ്പെട്ടർതന്നെയാണല്ലോ - യോഖേബെദ് എന്ന ഒരു സ്ത്രീ ഇല്ലായിരുന്നെങ്കിൽ മോശ എന്ന ഒരു വ്യക്തി ജനിക്കുകയില്ലായിരുന്നു (പുറ 6:20) മക്കളെ ദൈവഭക്തിയിൽ വളർത്തുക എന്ന ശ്രേഷ്ടവും ഉത്തവാദിത്തപ്പെട്ടതുമായ ശുശ്രൂഷയാണ് ദൈവം സ്ത്രീകൾക്ക് നൽകിയിട്ടുള്ളത് (2 തിമോ 1:15).

യോഖേബെദ് ദൈവ പുരുഷന്മാരായ മോശയുടേയും അഹരോന്റേയും മാത്രം മാതാവായിരുന്നില്ല; പ്രവാചകിയും, ആരാധിക്കുന്നവളും, ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവളുമായ അവരുടെ സഹോദരി മിരിയാമിന്റേയും മാതാവായിരുന്നു (പുറ 15:20). മീഖാ 6:4ൽ ദൈവം മിറിയാമിനെ മോശയുടേയും അഹരോന്റേയും നേതൃത്വനിരയിൽ പ രിഗണിച്ചതായി പ്രതിപാദിച്ചിരിക്കുന്നു.

> ഞാൻ നിന്നെ മിസ്രയിം ദേശത്തുനിന്നുപുറപ്പെടുവിച്ചു, അടിമവീട്ടിൽന ിന്നു നിന്നെ വീടെുത്തു, മോശയേയും, അഹരോനേയും, മിര്യാമിനേയും നിന്റെ മുമ്പിൽ അയച്ചു (മീഖ. 6:4)

യിസ്രായേലിന്റേമേൽ മിരിയാമിനുള്ള നേതൃത്വം മോശയുടെ നേതൃത്വം പോലെ തീവ്രമായിരുന്നില്ല എന്നത് വാസ്തവമാണ് എന്നാൽ പ്രവാചകി ആയിരുന്ന അവളെ യാസ്രായേലിന് അരുളപ്പാടുകൾ നൽകാൻ ദൈവം ഉപയോഗിച്ചു. ഒരു പുരുഷനെ ഉപയോഗിക്കുംപോലെതന്നെ ദൈവം സ്ത്രീയേയും ഉപയോഗിച്ചു.

## യിസ്രായേലിൻ ന്യായപാലനം നടത്തിയ ഒരു സ്ത്രീ
## (A Female Judge Over Israel)

ന്യായാധിപന്മാരുടെ കാലഘട്ടത്തിൽ യിസ്രായേലിന്റെ നേതൃസ്ഥാന ത്ത് ദൈവം നിർത്തിയ പ്രവാചകി ആയിരുന്നു ദബോറ. യിസ്രായേലിന്റെ ന്യായപാലകന്മാരായിരുന്ന ഗിദയോൻ, യിഫ്താഹ്, ശിംശോൻ തുടങ്ങിയവരെപ്പോലെ ദബോറയേയും ദൈവം ഉപയോഗിച്ചു. ''യിസ്രായേൽ മക്കൾ ന്യായവിസ്താരത്തിന് അവളുടെ അടുക്കൽ ചെല്ലുക പ തിവായിരുന്നു'' (ന്യായാ: 4:5) അവൾ സ്ത്രീകൾക്കുമാത്രമല്ല, പ ുരുഷന്മാർക്കും ന്യായപാലനം നടത്തിപ്പോന്നു. *''പുരുഷൻ ചെയ്യേത് സ്ത്രീ പ്രസ്താവിക്കുന്നു, അങ്ങനെ ചെയ്യാൻ ദൈവം അവളെ അഭിഷേകം ചെയ്തു.''*

ദൈവം അനേകസ്ത്രീകളെ നേതൃത്വസ്ഥാനത്ത് ആക്കിവച്ചിട്ടു്. അവരിലൂടെ ദൈവം തന്റെ അരുളപ്പാടുകൾ വെളിപ്പെടുത്തിയിട്ടുമു്. ദബോറയിലുടെ വെളിപ്പെട്ട ദൈവികവെളിപ്പാടിനെ സ്വീകരിക്കാൻ വിസമ്മതിച്ച ഒരുവനെ നമുക്ക് വചനത്തിൽ കാണാം. അവന്റെ പേര് ബാലാക് എന്നാണ്. കനാന്യസേനാപതിയായ സീസരെയെ പ രാജയപ്പെടുത്താൻ ദബോറയിലൂടെ ദൈവത്തിന്റെ പ്രവചനം വെളിപ്പെട്ടു. എന്നാൽ ദബോറയുടെ വാക്കുകളെ പൂർണ്ണമായി വിശ്വസിക്കാൻ ബാലാക്കിന് കഴിഞ്ഞില്ല. തന്മൂലം സീസരയെ വധിക്കുന്നതിലൂടെ ലഭിക്കുന്ന പുകഴ്ച ദൈവം ഒരു സ്ത്രീക്കു നൽകുമെന്ന് വെളിപ്പെടുത്തി. പ്രവചനം നിവൃത്തിയായി. ഹേബരിന്റെ ഭാര്യ യായേൽ ഒരു കുറ്റി സീസരയുടെ ചെന്നിയിലുടെ അടിച്ചുകയറ്റി അവനെകൊന്നു (ന്യായ:4). ദെബോറയും ബാരറക്കും ദൈവത്തെസ്തുതിച്ചു പാടി (ന്യായ:5). ബാരാക്ക് സ്ത്രീയുടെ ശുശ്രൂഷയിൽ വിശ്വസിച്ചു. ബാരാക്ക് ഒരു സ്ത്രീയുടെ ശുശ്രൂഷയെ അംഗീകരിക്കുകയും മാനിക്കുകയും ചെയ്തതായി ഈ കഥ വെളിവാക്കുന്നു.

## മൂന്നാമത്തെ ഒരു പ്രവാചകി
## (A Third Prophetess)

പഴയനിയമത്തിൽ കാണപ്പെടുന്ന മറ്റൊരു പ്രവാചകിയാണ് ഹുൽദാപ്രവാചകി. യഹൂദാ രാജാവായ യോശിയാവിന് ഹുൽദാ പ്രവാചകിയിലുടെയാണ് ഉത്തരം നൽകിയത് (2 രാജ 22). ഒരു പുരുഷന് ഉപദേശം നൽകാൻ ദൈവം ഒരു സ്ത്രീയെ ഉപയോഗിച്ചത് ശ്രദ്ധിക്കുക. ദൈവം അവളെ വളരെ ശക്തമായി തന്റെ അരുളപ്പാട് വിളിച്ചുപറയാൻ ഉപയോഗിച്ചു. തന്മൂലം യോശിയാവു അവളുടെ വാക്കുകളെ വിശ്വസിക്കാൻ ഇടയായി.

ദൈവം ദെബോറയേയും, മിരിയാമിനേയും, ഹുൽദയേയും പ്രവാചകികളായി വിളിച്ചു. ഇവരുടെ സ്ഥാനത്ത് പുരുഷന്മാരെ ദൈവം ഉപയോഗിക്കാത്തതെന്ത്?

ഈ മൂന്ന് സ്ത്രീകളെക്കൊ് ദൈവം ചെയ്യിച്ചത് മൂന്നു പ രുരുഷന്മാരെക്കൊ് ചെയ്യിക്കാമായിരുന്നു. എന്നാൽ ദൈവം അങ്ങനെ ചെയ്തില്ല. ഇതിന്റെ കാരണം ആർക്കും അറിയില്ല. ഒന്നുനാം അറിഞ്ഞിരിക്കണം. ദൈവമാണ് ഒരുവന് ശുശ്രൂഷനൽകുന്നത് മാനുഷികമായ വിലക്കുകൾ അതിന് തടസ്സമാകരുത്.

പുരുഷന്മാരെ നേതൃസ്ഥാനത്ത് സ്ത്രീകളേക്കാൾ കൂടുതലായി ദൈവം ഉപയോഗിക്കുന്നു. എന്നാൽ സ്ത്രീകളേയും നേതൃസ്ഥാനത്ത് ഉപയോഗിച്ചതായി പഴയനിയമത്തിൽകാണാം.

പഴയനിയമത്തിൽ നാം ക ഈ മൂന്നു വനിതാശുശ്രൂഷകരും പ്രവാചകികളായിരുന്നു. ഇവരാരും പൗരോഹിത്യ ശുശ്രൂഷചെയ്തതായി

കാണുന്നില്ല. തന്മൂലം ചില ശുശ്രൂഷകളെ ദൈവം പുരുഷന്മാർക്കായി മാറ്റിവച്ചിരുന്നു എന്നു വേണമെങ്കിൽ ചിന്തിക്കാം.

## വനിതകൾ പുതിയ നിയമശുശ്രൂഷയിൽ
## (Women in Ministry in the New Testament)

ഹന്ന, പുതിയനിയമത്തിലെ പ്രവാചകിയാണ്. ശിശുവായിരുന്ന യേശുവിനെ ഹന്ന മിശിഹായാണെന്ന് തിരിച്ചറിഞ്ഞു.

> ആശേർ ഗോത്രത്തിൽ ഫനൂവേലിന്റെ മകളായ ഹന്നാ എന്നൊരു പ്രവാചകി ഉായിരുന്നു. അവൾ കന്യാകാലത്തിൽ പിന്നെ ഭർത്താവിനേ ാടുകൂടെ ഏഴു സംവസ്തരം കഴിച്ചു എൺപത്തിനാലു സംവത്സരം വിധവയും വളരെ വയസ്സുചെന്നവളുമായി ദൈവാലയം വിട്ടുപിരിയാതെ ഉപവാസത്തോടും പ്രാർത്ഥനയോടുംകൂടെ രാവും പകലും ആരാധനചെയ്തു പോന്നു. ആ നാഴികയിൽ അവളും അടുത്തുനിന്നു ദൈവത്തെ സ്തുതിച്ചു. യറുശലേമിന്റെ വീടെുപ്പിനെ കാത്തിരുന്ന എല്ലാവരോടും അവനെക്കുറിച്ചു പ്രസ്താവിച്ചു (ലൂക്കോ 2:36–38).

"യറുശലേമിന്റെ മോചനത്തിനുവേി കാത്തിരുന്നവരോടാണ് ഹന്നാ സംസാരിച്ചത്." ആ കൂട്ടത്തിൽ പുരുഷന്മാരും ഉായിരുന്നു. യേശുവിനെക്കുറിച്ചുള്ള ഹന്നായുടെ ഉപദേശം കേട്ടവരുടെ കൂട്ടത്തിൽ പ ുരുഷന്മാരും ഉായിരുന്നു.

പ്രവചനാത്മാവുള്ള അനേകം സ്ത്രീകൾ പുതിയ നിയമത്തിലു്. യേശുവിന്റെ അമ്മ അക്കൂട്ടത്തിൽ ഉൾപ്പെടുന്നു (ലൂക്കോ 1:46–55). അവരുടെ പ്രവചനവാക്കുകൾ സഭാശുശ്രൂഷകളിൽ ഉപദേശങ്ങളായി അംഗീകരിക്കപ്പെട്ടിരുന്നു (ദൈവം സ്ത്രീത്വത്തെ ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്നു. തന്റെ പുത്രന് ഒരു സ്ത്രീയിൽ ജനിക്കാൻ ഇടം നൽകിയത് അതിനുദാഹരണമാണ്).

"ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വരുമ്പോൾ നിങ്ങളുടെ പ ുത്രന്മാരും, പുത്രിമാരും പ്രവചിക്കും." യോവേൽ പ്രവാചകനിലൂടെ ദൈവം സംസാരിച്ചു (യോവേ 2:28). യോവേൽ പ്രവാചകന്റെ പ്രവചനത്തിന്റെ ശബ്ദം അപ്പോസ്തലനായ പൗലോസിലൂടെ പുതിയനിയമഉടമ്പടിയിലും മുഴങ്ങിക്കേൾക്കാം (അപ്ര 2:17).

സുവിശേഷകനായ ഫിലിപ്പോസിന് പ്രവാചകികളായ നാല് പ ുത്രിമാർ ഉായിരുന്നു (അപ്ര 21: 8–9). സഭാകൂട്ടായ്മകളിൽ സ്ത്രീകൾ പ്രവചനശുശ്രൂഷനടത്തിയതായി പൗലോസ് ചൂിക്കാണിക്കുന്നു (1 കൊരി 11:5) ആ ശുശ്രൂഷയിൽ പുരുഷൻ സന്നിഹിതരായിരുന്നു എന്നത് വസ്തുകയാണ്.

പ്രവചനശുശ്രൂഷയ്ക്ക് ദൈവം സ്ത്രീകളെ പ്രവാചകികളായി ഉപയോഗിച്ചിരുന്നു. പ്രവചനശുശ്രൂഷ ദൈവം സ്ത്രീകൾക്ക് അനുവദിച്ചിരുന്നു എന്ന് വചനം തെളിവുകൾ തരുന്നു. സ്ത്രീകൾ പുരുഷന്മാരോടു പ്രവചിച്ചുകൂടായെന്ന് വചനത്തിൽ തെളിവുകൾ ഇല്ല. തന്മൂലം പ്രവചനശുശ്രൂഷ സ്ത്രീകൾക്ക് അനുവദിക്കുന്നു എന്ന് നമുക്ക് അനുമാനിക്കാം.

## സ്ത്രീകൾ പാസ്റ്റർ പദവിയിലോ?
## (Women as Pastors?)

വനിതകൾ ഇടയന്റ ശുശ്രൂഷ ചെയ്യുന്നതിനെക്കുറിച്ച് എന്ത് തോന്നുന്നു?. ഇടയൻ/മൂപ്പൻ മേൽവിചാരകൻ ഇത്യാദി ശുശ്രൂഷകൾ പുരുഷന്മാർ ചെയ്യണമെന്ന് ദൈവം ആഗ്രഹിക്കുന്നതായി തോന്നുന്നു. വിശ്വാസയോഗ്യമായ ഒരു പ്രസ്താവന:

> ഒരുവൻ അദ്ധ്യക്ഷസ്ഥാനം കാംക്ഷിക്കുന്നു എങ്കിൽ നല്ലവേല ആഗ്രഹിക്കുന്നു എന്നുള്ളതു വിശ്വാസയോഗ്യംതന്നെ. എന്നാൽ അദ്ധ്യക്ഷൻ നിരപവാദ്യനായി ഏക ഭാര്യയുടെ ഭർത്താവും നിർമ്മദനും, ജിതേന്ദ്രിയും, ശുശീലനും, അതിഥി പ്രിയനും ഉപദേശിപ്പാൻ സമർത്ഥനും ആയിരിക്കേണം (1 തിമോ 3:1-2).

> ഞാൻ ക്രേത്തയിൽ നിന്നെ വിട്ടേച്ചുപോന്നതു ശേഷിച്ചകാര്യങ്ങളെ ക്രമത്തിലാക്കേതിന്നും ഞാൻ നിന്നോടു ആജ്ഞാപിച്ചതുപോലെ പട്ടണംതോറും മൂപ്പന്മാരെ ആക്കി വെക്കേതിനും തന്നേ. മൂപ്പൻ കുറ്റമില്ലാത്തവനും ഏകഭാര്യയുള്ളവനും ദുർന്നടപ്പിന്റെ ശ്രൂതിയോ അനുസരണക്കേടോ ഇല്ലാത്ത വിശ്വാസികളായ മക്കളുള്ളവനും ആയിരിക്കേണം.

സ്ത്രീകൾക്ക് ഈ പദവി വിലക്കിയതായിട്ട് പൗലോസ് ഇവിടെ പറയുന്നില്ല. ഇക്കാര്യത്തിൽ പൂർണ്ണമായ ഒരു തീരുമാനമെടുക്കാൻ അല്പം ജാഗ്രത ആവശ്യമാണ്. എന്നാൽ വികസിതരാജ്യങ്ങളിൽ അനേകം വനിതകൾ ഇടയന്മാരുടെ ശുശ്രൂഷ വിജയപ്രദമായി ചെയ്യുന്നു്. നേതൃത്വസ്ഥാനത്ത് യോഗ്യതയുള്ള പുരുഷന്മാരുടെ അഭാവം ഉാകുമ്പോൾ ദൈവരാജ്യവിസ്തൃതിക്കായി ദൈവം സ്ത്രീകളെ തത്സ്ഥാനത്ത് ഉപയോഗിക്കാറു്. ക്രിസ്തുവാം ശരീരത്തിന്റെ വിവിധ അവയവങ്ങളായി പ്രവർത്തിക്കുവാനും വചനപ്രകാരം അർഹതപ്പെട്ട ചുമതലനിർവ്വഹിക്കുവാനും ഇടയശുശ്രൂഷചെയ്യുന്ന വനിതകളെക്കുറിച്ച് ദൈവം ആഗ്രഹിക്കുന്നു. എന്നാൽ ഇന്നത്തെ സഭയുടെ ഘടന അവരെ ഇടയശുശ്രൂഷയിൽ മാത്രം ഒതുക്കുന്നു.

പാസ്റ്റർ/മൂപ്പൻ/അദ്ധ്യക്ഷൻ ഈ പദവികൾ എന്തുകൊ് പുരുഷന്മാരിൽ മാത്രം ഒതുങ്ങുന്നു? വചനാടിസ്ഥാനത്തിൽ ഒരു പാസ്റ്റർക്ക്/മൂപ്പന്/അദ്ധ്യക്ഷന് ഉായിരിക്കേ യോഗ്യത:

> സ്വന്തകുടുംബത്തെ നന്നായി ഭരിക്കുന്നവനും, മക്കളെ പൂർണ്ണ ഗൗരവത്തോടെ അനുസരണത്തിൽ പാലിക്കുന്നവനും ആയിരിക്കണം (സ്വന്തകൂടുംബത്തെ ഭരിപ്പാൻ അറിയാത്തവൻ ദൈവസഭയെ എങ്ങനെ പരിപാലിക്കും) (1 തിമോ 3:4-5).

പുതിയ നിയമപ്രകാരം ഒരു മൂപ്പൻ സഭയിൽ എങ്ങനെ പ്രവർത്തിക്കണമെന്ന് ഇത് വെളിപ്പെടുത്തുന്നു. തന്റെ ഭവനത്തെ പ രിപാലിക്കുന്ന ഉത്തരവാദിത്വത്തിന് സമാനമായ ഉത്തരവാദിത്വമാണ് ഒരു മൂപ്പന് തന്റെ സഭയെ സംബന്ധിച്ചിടത്തോളം ഉള്ളത്. ഇടയന്റെ ജോലി പ രുരുഷനിൽ നിക്ഷിപ്തമാണെന്ന് ഇത് തെളിയിക്കുന്നു. കാരണം ആധുനിക സഭാപരിപാലനം കുടുംബ പരിപാലനവുമായി ബന്ധപ്പെട്ടിരിക്കുന്നു. ദൈവഹിതപ്രകാരം കുടംബത്തിന്റെ തല പുരുഷനാണ് സ്ത്രീയല്ല. ഇതിനെക്കുറിച്ച് നമുക്ക് പിന്നെ ചിന്തിക്കാം.

## സ്ത്രീകൾ അപ്പോസ്തലിക ശുശ്രൂഷയിൽ?
## (Women as Apostles?)

സ്ത്രീകൾക്ക് പ്രവചനശുശ്രൂഷചെയ്യാമെന്ന് നാം കുകഴിഞ്ഞു (ദൈവവിളി ഉങ്കെിൽ) എന്നാൽ മറ്റു ശുശ്രൂഷകൾ സ്ത്രീകൾക്ക് ചെയ്യാമോ? ദൈവരാജ്യമഹത്വത്തിനായി പ്രവർത്തിക്കുന്ന അനേകം സ്ത്രീകളെ അപ്പോസ്തലനായ പൗലോസ് റോമ: പതിനാറാം അദ്ധ്യായത്തിൽ അഭിസംബോധനചെയ്യുകയും പുകഴ്ത്തുകയും ചെയ്യുന്നത് നമുക്ക് കാണാം. അതിൽ ഒരാളെ അപ്പോസ്തലനിരയിൽ ഉൾപ്പെടുത്തിയതായി കാണുന്നു. താഴെ കൊടുത്തിരിക്കുന്ന ഉദ്ധരണികളിൽ അവരുടെ പേരുകൾ അടിവരയിട്ടു രേഖപ്പെടുത്തിയിരിക്കുന്നു.

> നമ്മുടെ സഹോദരിയും കെംക്രെയ സഭയിലെ ശുശ്രൂഷക്കാരത്തിയുമായ ഫേബയെ നിങ്ങൾ വിശുദ്ധന്മാർക്കു യോഗ്യമാം വണ്ണം കർത്താവിന്റെ നാമത്തിൽ കൈക്കൊു അവൾക്കു നിങ്ങളുടെ സഹായം വേ ുന്ന ഏതുകാര്യത്തിലും സഹായിക്കേതിന് ഞാൻ നിങ്ങളെ ഭരമേൽപിക്കുന്നു (റോമ 16:1-2).

എന്തൊരു പ്രഖ്യാപനം! എന്തു ശുശ്രൂഷയാണ് ഫേബ നിർവ്വഹിച്ചതെന്നു വ്യക്തമല്ല. എന്നാൽ പൗലോസ് അവളെ കെംക്രയസഭയിലെ ശുശ്രൂഷക്കാരത്തി എന്നും എന്നെ ഉൾപ്പെടെ അനേകരെ സഹായിക്കുന്നവൾ എന്നും പറഞ്ഞിരിക്കുന്നു. അവൾ ദൈവത്തിനു ചെയ്ത ശുശ്രൂഷ എന്തായിരുന്നാലും ശരി അത് റോമിലെ സർവ്വസഭകൾക്കും മാതൃകയാക്കാവുന്നതാണെന്ന് പൗലോസ് നിർദ്ദേശിക്കുന്നു.

അടുത്തതായി, പ്രസ്ക്കയും അവളുടെ ഭർത്താവായ അക്വിലാവെയും അവരുടെ ഭവനത്തിൽ സഭ നടത്തിയിരുന്നു എന്നു നാം വായിക്കുന്നു.

യേശുവിൽ എന്റെ കൂട്ടുവേലക്കാരായ പ്രസ്ക്കയെയും, അക്വിലാവെയും വന്ദനം ചെയ്വിൻ, അവർ എന്റെ പ്രാണനുവേി തങ്ങളുടെ കഴുത്തുവെച്ചു കൊടുത്തവരാകുന്നു, അവർക്കു ഞാൻ മാത്രമല്ല, ജാതികളുടെ സകലസഭകളും കൂടെ നന്ദിപറയുന്നു. അവരുടെ വീട്ടിലെ സഭയെയും വന്ദനം ചെയ്വിൻ, ആസ്യയിൽ ക്രിസ്തുവിന്നു ആദ്യഫലമായി എനിക്കു പ്രിയനായ എപ്പൈനത്തൊസിന്നു വന്ദനം ചൊല്ലുവിൻ. നിങ്ങൾക്കായി വളരെ അദ്ധ്വാനിച്ചവളായ മറിയെക്കു വന്ദനം ചൊല്ലുവിൻ (റോമ. 16:3-7). എന്റെ ചാർച്ചക്കാരനും സഹബദ്ധന്മാരായ അന്ത്രോനിക്കോസിനും യൂനിയാവിന്നും വന്ദനം ചൊല്ലുവിൻ, അവർ അപ്പോസ്തലന്മാരുടെ ഇടയിൽ പേർകൊവരും, എനിക്കുമുമ്പെ ക്രിസ്തുവിൽ വിശ്വസിച്ച വരും ആകുന്നു. ജൂനിയാവെ സംബന്ധിച്ചിടത്തോളം അപ്പോസ്തലന്മാ രുടെ കൂട്ടത്തിൽ പ്രഥമസ്ഥാനം കല്പിക്കപ്പെട്ടതായി കാണാം. ജൂനിയ എന്നാണ് ശരിയായ വിവർത്തനം. എങ്കിൽ അതൊരു അ പ്പോസ്തലയായിരുന്നു സ്ത്രീ. പ്രിസ്കയും മറിയയും ദൈവവേലക്കാരായിരുന്നു.

കർത്താവിൽ എനിക്കു പ്രിയനായ അംപ്ലിയാത്തൊസിനു വന്ദനം ചൊല്ലുവിൽ. ക്രിസ്തുവിൻ ഞങ്ങളുടെ കൂട്ടുവേലക്കാരനായ ഉർബ്ബാനൊസിനും എനിക്കുപ്രിയനായ സ്താക്കുവിനും വന്ദനം ചൊല്ലുവിൻ. ക്രിസ്തുവിൽ സമ്മതനായ അപ്പൊലോസിനു വന്ദനം ചൊല്ലുവിൻ എന്റെ ചാർച്ചക്കാരനായ ഹെരോദിയോന്നു വന്ദനം ചൊല്ലുവിൻ; നർക്കിസ്സൊസിന്റെ ഭവനക്കാരിൽ കർത്താവിൽ വിശ്വസിച്ചവർക്കു വന്ദനം ചൊല്ലുവിൻ. കർത്താവിൽ അദ്ധ്വാനിക്കുന്നവരായ ത്രുഫൈനെക്കും ത്രുഫൊസെക്കും വന്ദനം ചൊല്ലുവിൻ. കർത്താവിൽ വളരെ അദ്ധ്വാനിച്ചവളായ പ്രിയ പെർസിസിന്നു വന്ദനം ചൊല്ലുവിൻ കർത്താവിൽ പ്രസിദ്ധനായ രൂഫൊസിനെയും എനിക്കും അമ്മയായ അവന്റെ അമ്മയെയും വന്ദനം ചൊല്ലുവിൻ. അസും ക്രിതൊസിന്നും, പ്ലെഗോന്നും ഹെർമ്മോസിന്നും, പത്രോബാസിന്നും, ഹെർമ്മാസിന്നും കുടെയുള്ള സഹോദരന്മാർക്കും വന്ദനം ചൊല്ലുവിൻ, ഫിലൊഗൊസിന്നും, യുലിയെക്കും, നെരെയുസിന്നും, അവന്റെ സഹോദരിക്കും, ഒലുമ്പാസിന്നും അവരോടുകൂടെയുള്ള സകല വിശുദ്ധന്മാർക്കും വന്ദനം ചൊല്ലുവിൻ, വിശുദ്ധചുംബനം കൊുഅന്യോന്യം വന്ദനം ചെയ്വിൻ. (റോമ 16:8-15).

തീർച്ചയായും സ്ത്രീകൽക്ക് ശുശ്രൂഷയിൽ സുപ്രധാനമായ പങ്ക്.

## സ്ത്രീകൾ ഉപദേശകരൊ?
## (Women as Teachers?)

സ്ത്രീകളായ ഉപദേശകരെക്കുറിച്ച് എന്തു തോന്നുന്നു? പ ുതിയനിയമത്തിൽ സ്ത്രീകൾക്ക് ഇങ്ങനെയൊരു ശുശ്രൂഷകാണുന്നില്ല. ഉപദേശകൻ എന്ന ഒരു പദവിയിൽ ഒരുവൾ വിളിക്കപ്പെട്ടതായി ബൈബിളിൽ പറയുന്നില്ല. പ്രിസ്ക്കില്ലയും അക്വില്ലാവും ചെറിയതോതിൽ ചിലരെയൊക്കെ ഉപദേശിച്ചതായി കാണുന്നു. ഉദാഹരണത്തിന് അപ്പല്ലോസ് എഫസോസിൽപ്രാഗത്ഭ്യത്തോടെ സുവിശേഷം പ്രസംഗിച്ചതുകേട്ടിട്ട്, ദൈവത്തിന്റെ മാർഗ്ഗത്തെ അധികം സ്പഷ്ടമായി അവനു തെളിയിച്ചുകൊടുത്തു എന്നു പറയുന്നു. (അപ്ര 18:26). അപ്പല്ലോസിനെ ഉപദേശിക്കുന്നതിൽ അക്വില്ലാവിനോടൊപ്പം, പ്രിസ്ക്കില്ലയ്ക്കും പങ്കു ായിരുന്നു. കൂടാതെ പൗലോസ് രുപ്രാവശ്യം അവരുടെ ഭവനആലയം എന്നുപറഞ്ഞിട്ടു (റോമ 16:3-5; 1 കോരി 16:19). പൗലോസ് ഇവരെ രിനേയും ക്രിസ്തുവിന്റെ വേലക്കാർ എന്നാണ് വിളിക്കുന്നത്. പ്രിസ്ക്കില്ലയ്ക്ക് തന്റെ ഭർത്താവായ അക്വില്ലാവിനോടുചേർന്നു ശുശ്രൂഷ ഉായിരുന്നു എന്നത് വാസ്തവമാണ്.

## പുരുഷന്മാരെ ഉപദേശിക്കാൻ യേശു സ്ത്രീകളോട് അരുളിച്ചെയ്തു
## (When Jesus Commanded Women to teach men)

"സ്ത്രീകൾ സഭയിൽ മിാതിരിക്കട്ടെ, സ്ത്രീകൾ പുരുഷന്മാരെ ഉപദേശിക്കാൻ പാടില്ല". പൗലോസിന്റെ ഈ നിർദ്ദേശത്തൊടുചേർന്നുതന്നെ ചില വചനഭാഗങ്ങൾ നമുക്ക് നോക്കാം.

യേശു ഉയിർത്തെഴുന്നേറ്റപ്പോൾ ഒരു ദൂതൻ യേശുവിന്റെ ശിഷ്യന്മാരെ ഉപദേശിക്കാൻ മൂന്നു സ്ത്രീകളെ ചുമതലപ്പെടുത്തി. ഉയർത്തെഴുന്നേറ്റ യേശു അവർക്കുമുമ്പായി ഗലീലയ്ക്കുപോകും - ഈ സന്ദേശമാണ് ദൂതൻ അവരെ ഏല്പിച്ചത്. ഇതുമാത്രമല്ല അല്പം കഴിഞ്ഞ് യേശുതന്നെ ഈ സ്ത്രീകൾക്ക് പ്രത്യക്ഷനായി ശിഷ്യന്മാരോടു ഗലീലയ്ക്ക് പോകാൻ പറയണമെന്ന് അരുളിച്ചെയ്തു (മത്താ:28: 1-10), മർക്കോ 16:1-17).

ഒന്ന്, ഉയർത്തെഴുന്നേറ്റ യേശു ആദ്യം സ്ത്രീകൾക്ക് പ്രത്യക്ഷപ്പെട്ടു. ര്, പുരുഷന്മാരെ ഉപദേശിക്കാൻ സ്ത്രീകൾക്ക് വിലക്ക് ഉായിരുന്നെങ്കിൽ തീർച്ചയായും ശിഷ്യന്മാരോടു തന്റെ കല്പന അറിയിക്കാൻ സ്ത്രീകളെ ചുമതലപ്പെടുത്തുകയില്ലായിരുന്നു. സമ്പന്നമായ ഒരു സത്യവും, ആത്മികനിർദ്ദേശവും പുരുഷന്മാർക്കുകൈമാറാൻ സ്ത്രീകളെയാണ് യേശു ഏല്പിച്ചത് എന്ന വസ്തുത ആർക്കും തള്ളിക്കളയാൻ സാദ്ധ്യമല്ല.

## വിഷമവൃത്തത്തിലാക്കുന്ന വാക്യങ്ങൾ

**(The Problem Passages)**

ശുശ്രൂഷയിൽ സ്ത്രീകൾക്കുള്ള പങ്കിനെക്കുറിച്ച് വേദപുസ്തകം എന്തുപറയുന്നു എന്നത് നാം അറിഞ്ഞിരിക്കണം. പൗലോസിന്റെ ലേഖനത്തിൽ 'പ്രോബ്ലം പാസ്സേജ്' എന്നുവിളിക്കപ്പെടുന്ന വചനഭാഗത്തിന്റെ ശരിയായ വ്യാഖ്യാനം നാം മനസ്സിലാക്കണം. സ്ത്രീകൾ സഭയിൽ മിതിരിക്കട്ടെ എന്ന വചനഭാഗം തന്നെ നമുക്ക് ആദ്യം ചിന്തിക്കാം

> വിശുദ്ധന്മാരുടെ സർവ്വസഭകളിലും എന്ന പോലെ സ്ത്രീകൾ സഭായോഗങ്ങളിൽ ശാന്തമായിരിക്കട്ടെ; ന്യായപ്രമാണവും പറയുന്നതുപോലെ കീഴടങ്ങിയിരിപ്പാനല്ലാതെ ഉപദേശിപ്പാൻ അവർക്ക് അനുവാദമില്ല അവർ വല്ലതും പഠിപ്പാൻ ഇച്ഛിക്കുന്നു എങ്കിൽ വീട്ടിൽ വച്ചുഭർത്താക്കന്മാരോടു ചോദിച്ചുകൊള്ളട്ടെ; സ്ത്രീ സഭയിൽ ഉപദേശിക്കുന്നത് അനുചിതമല്ലോ (1 കൊരി 14:34-35).

പലചോദ്യങ്ങളും ഇതിന്റെ പിന്നിൽ ഉദിക്കുന്നു്. ഇത് കൊരിന്ത് സഭയോടുപൗലോസ് നിഷ്കർഷിച്ച ചട്ടങ്ങളായിരുന്നോ? അതോ കൊരിന്തിലുള്ളവർ എഴുതിയതിന്റെ ഒരു ക്വട്ടേഷൻ മാത്രമാണോ? ഈ ലേഖനത്തിന്റെ പകുതിയിൽ കൊരിന്തിലുള്ള ജനം പൗലോസിന് അയച്ച ഒരു കത്തിന്റെ പ്രതിപാദ്യം കാണുന്നു്.(1 കൊരി 7:1, 25, 8:1, 12:1, 16:1, 12).

അടുത്ത വചനത്തിൽ, സ്ത്രീകൾ സഭയിൽ മിതിരിക്കട്ടെ എന്ന കൊരിന്തുസഭയുടെ നയത്തെക്കുറിച്ചുള്ള പൗലോസിന്റെ പ്രതികരണം വെളിപ്പെടുത്തുന്നത് ശ്രദ്ധിക്കുക.

> ദൈവവചനം നിങ്ങളുടെ ഇടയിൽ നിന്നോ പുറപ്പെട്ടത്? അല്ല നിങ്ങൾക്കുമാത്രമോ വന്നത്? (1 കൊരി 14:36).

കിംഗ്ജയിംസ് ബൈബിൾ ഇത് വിവർത്തനം ചെയ്തിരിക്കുന്നതനുസരിച്ച് കൊരിന്തിലുള്ള ജനത്തിന്റെ നിലപാടിൽ പൗലോസ് അത്ഭുതപ്പെട്ടതായി കാണുന്നു.

> എന്ത്? ദൈവത്തിന്റെ വചനം നിങ്ങളിൽ നിന്നോ വന്നത്?
> അത് നിങ്ങൾക്കുവേി മാത്രമോ വന്നത്? (1 കൊരി 14:36).

ഈ രുഅവസ്ഥയിൽ പൗലോസ് വ്യക്തമായി രുചോദ്യങ്ങൾ ചോദിക്കുന്നു. ഈ രുചോദ്യത്തിനും അല്ല എന്ന ഒരുത്തരം തന്നെ. കൊരിന്ത്യർ ദൈവവചനത്തിന്റെ ഉത്പാദകരല്ല, ദൈവവചനം അവർക്കുവേി മാത്രം ഉള്ളതുമല്ല. കൊരിന്തിലുള്ള ജനത്തിന്റെ അഹന്തയെ ലക്ഷ്യമാക്കിയാണ് ഈ ചോദ്യങ്ങൾ പൗലോസ് ചോദിക്കുന്നത്. ദൈവത്തിനു ഹിതമെങ്കിൽ ദൈവം സ്ത്രീകളെയും ഉപയോഗിക്കും, അവരെ നിശ്ശബ്ദരാക്കാൻ മനുഷ്യന് എന്തധികാരം?

ഈ വ്യാഖ്യാനം യുക്തമാണെന്നുതോന്നുന്നു കാരണം തുടർന്നു പൗലോസ് പറയുന്നു. മൂടുപടം ഇല്ലാതെ പ്രാർത്ഥിക്കുകയോ,

പ്രവചിക്കുകയോ ചെയ്യുന്ന ഏതു സ്ത്രീയും തന്റെ തലയെ അപമാനിക്കുന്നു (1 കൊരി 11:5) ഈ പ്രസ്താവനയിൽനിന്നു നാം മനസ്സിലാക്കുന്ന വസ്തുത എന്താണ്. അവരെനിശ്ചലരാക്കരുതെന്നല്ലേ? തുടർന്നു കൊരിന്ത് സഭയിലുള്ള[53] എല്ലാവരോടുമായി പൗലോസ് പറയുന്നത് ശ്രദ്ധിക്കുക: അതുകൊ് സഹോദരന്മാരെ പ്രവചനവരം വാഞ്ഛിപ്പിൻ; അന്യഭാഷയിൽ സംസാരിക്കുന്നത് വിലക്കുകയുമരുത് (1 കൊരി 14:39). ഇങ്ങനെ പ്രോത്സാഹിപ്പിക്കുന്ന പൗലോസ് 1 കൊരി 14:34–35 വചനങ്ങളിൽ പറഞ്ഞിരിക്കുന്നത് തികച്ചും വൈരുദ്ധ്യമല്ലേ?

## മറ്റു സാദ്ധ്യതകൾ
## (Other Possibilities)

1 കൊരി 14:34–45 ൽ സ്ത്രീകൾ സഭയിൽ മിതിരിക്കട്ടെ എന്ന പ്രസ്താവന പൗലോസിന്റെ വാക്കുകൾ തന്നെയാണെന്നുകരുതുക.

പൗലോസിന്റെ വാക്കുകളെ നമുക്ക് എങ്ങനെ വിവർത്തനം ചെയ്യാൻ കഴിയും?

സ്ത്രീകൾ സഭയിൽ മിതിരിക്കട്ടെ എന്നു പൗലോസ് നിഷ്കർഷിക്കുന്നു. കൂട്ടായ്മകളിൽ സ്ത്രീകൾ പ്രാർത്ഥിക്കുകയും പ്രവചിക്കുകയും ചെയ്യട്ടെ എന്ന് പൗലോസ് അതേ ലേഖനത്തിൽ ഉപദേശിക്കുന്നു. ഇത് എന്ത് വൈരുദ്ധ്യമാണ്. സ്ത്രീകൾക്ക് ദൈവവചനം പ രസ്യമായി സംസാരിക്കുവാൻ, പുരുഷന്മാരെ ഉപദേശിക്കാൻ പോലുമുള്ള അവസരം വേദപുസ്തകത്തിൽ ദൈവം അനുവദിച്ചിട്ടുള്ളതായി പൗലോസിന് വ്യക്തമായി അറിവുള്ളതാണ്. സംസാരിക്കുവാൻ ദൈവം അഭിഷേകം ചെയ്ത സ്ത്രീകളെ നാം എന്തിന് വിലക്കണം?

സഭായോഗങ്ങളിൽ സ്ത്രീകൾ പൂർണ്ണമായി മിതെ ഇരിക്കണമെന്ന് പൗലോസ് ഒരിക്കലും പറയരുതായിരുന്നു എന്ന് യുക്തിയുള്ള ഏതൊരാൾക്കും തോന്നാം. ആധുനിക സഭകൾ ഒന്നിച്ചു ഭക്ഷിക്കുകയും ചെയ്തിരുന്നു എന്നോർക്കുക. ഭവനത്തിൽ എത്തുന്ന സ്ത്രീ ഭവനത്തിൽ പ്രവേശിക്കുന്ന നിമിഷം മുതൽ ഭവനം വിട്ടുപോകുന്നതുവരെ നിശബ്ദ ആയിരിക്കണം എന്നാണോ ഇതിന്റെ അർത്ഥം? അതായത് ആഹാരം പാകം ചെയ്യുമ്പോഴും, ആഹാരം കഴിക്കുമ്പോഴും ഒക്കെ നിശബ്ധമായിരിക്കണമോ? പ്രത്യേകിച്ചും അവരുടെ കുട്ടികളോട് ഒന്നും സംസാരിക്കാതെ ഇരിക്കുകയോ? ഇങ്ങനെ ചിന്തിക്കുന്നത് പോലും യുക്തി വിരുദ്ധമാണ്. ''രോ മൂന്നോ പേർ എന്റെ നാമത്തിൽ എവിടെ കൂടിയാലും അവരുടെ നടുവിൽ ഞാനു്,'' യേശു പറഞ്ഞു (മത്താ 18:20).

53 . സഹോദരന്മാർ എന്ന് പൗലോസ് 27 പ്രാവശ്യം ഉപയോഗിച്ചിട്ടു്, ഇത് പുരുഷന്മാരെ ഊന്നിയല്ല, കൊരിന്തുസഭയിലുള്ള സ്ത്രീപുരുഷന്മാരെ ഒരുമിച്ച് ഉദ്ദേശിച്ച് പറഞ്ഞതാണ്.

സഭായോഗങ്ങളിൽ യേശുവിന്റെ നാമത്തിൽ കൂടിവരുന്ന ര് സ്ത്രീകൾ പ രസ്പരം സംസാരിക്കാൻ പാടില്ലയോ?

1 കൊരി 14:34–35 വരെയുള്ള വാകൃങ്ങൾ പൗലോസിന്റെ തന്നെ നിർദ്ദേശങ്ങളാണെങ്കിൽ അത് സഭയിലെ ചെറിയ പ്രശ്നങ്ങളുടെ ക്രമീകരണത്തിന് നൽകിയ ഒരു ഉപദേശമായിരിക്കാം. ചില സ്ത്രീകൾ ക്രമരഹിതമായ ചില ചോദ്യങ്ങൾ ചോദിച്ചിരിക്കാം, അതിന് ഉത്തരമായിട്ടായിരിക്കാം പ്രസ്താവന പൗലോസ് നിർദ്ദേശിച്ചത്. കാരണം ഈ പൗലോസ് തന്നെയാണ് ഒരുവൻ പ്രവചിക്കുമ്പോൾ മറ്റൊരുവൻ നിശ്ബ്ദനായിരിക്കട്ടെ എന്ന് നിഷ്കർഷിച്ചത്.

> പ്രവാചകന്മാർ ര്മൂന്നുപേർ സംസാരിക്കുകയും മറ്റുള്ളവർ വിവേചിക്കുകയും ചെയ്യട്ടെ. ഇരിക്കുന്നവനായ മറ്റൊരുവന് വെളിപ്പാടു ായാലോ ഒന്നാമത്തവൻ മിതിരിക്കട്ടെ (1 കൊരി 14:30).

മിതിരിക്കട്ടെ എന്നതുകൊ് അർത്ഥമാക്കുന്നത് മറ്റൊരുവൻ സംസാരിക്കുമ്പോൾ മൗനമായിരിക്കട്ടെ എന്നുമാത്രമേ ഉള്ളു.

അന്യഭാഷ സംസാരിക്കുന്നവനോട് പൗലോസ് വീും പറയുന്നു:

> വ്യാഖ്യാനി ഇല്ലാഞ്ഞാൽ അന്യഭാഷക്കാരൻ സഭയിൽ മിാതെ തന്നോടും ദൈവത്തോടും സംസാരിക്കട്ടെ (1 കൊരി: 14:28).

ഇവരോടൊക്കെ സഭായോഗങ്ങളിൽ പൂർണ്ണമായി മിതിരിക്കാൻ പ ൗലോസ് നിർദ്ദേശിക്കുകയായിരുന്നോ? അല്ല, വ്യാഖ്യാനിക്കപ്പെടുന്നില്ലെങ്കിൽ അന്യഭാഷ സംസാരിക്കുന്നവൻ സഭയിൽ മിാതെയിരിക്കട്ടെ എന്നാണ് പ ൗലോസ് നിർദ്ദേശിച്ചത്. കാരണം വ്യാഖ്യാനിക്കപ്പെട്ടില്ലെങ്കിൽ അന്യഭാഷയുടെ അർത്ഥം കേഴ്വിക്കാരന് ഗ്രഹിക്കാൻ കഴിയുകയില്ല.

സന്ദർഭത്തിന്റെ സമ്മർദ്ദത്തിലായിരിക്കാം പൗലോസ് സ്ത്രീകൾ സഭയിൽ മിതിരിക്കട്ടെ (1 കൊരി 14:34–35) എന്ന് നിഷ്കർഷിച്ചത്. സ്ത്രീകൾ സഭയിൽ മിതിരിക്കട്ടെ എന്ന നിർദ്ദേശത്തെ സ്ത്രീകൾ പൂർണ്ണമായും സഭായോഗങ്ങളിൽ മിാതെയിരിക്കട്ടെ എന്ന് വ്യഖ്യാനിക്കേ കാര്യമില്ല. അതുപോലെ അന്യഭാഷ പറയുന്നവർ കൂട്ടായ്മയിൽ ആദ്യന്തം നിശ്ബ്ദരായിരിക്കട്ടെ എന്നും അർത്ഥമില്ല.

അവസാനമായി, ഈ നിർദ്ദേശങ്ങൾ ഒന്നും കൂട്ടായ്മയിൽ കടന്നുവരുന്ന എല്ലാ സ്ത്രീകൾക്കും ബാധകമല്ല. വിവാഹിതരായ സ്ത്രീകളെ ഉദ്ദേശിച്ചുള്ളതാണ്, കാരണം അവർ ''വല്ലതും പഠിപ്പാൻ ഇച്ഛിക്കുന്നു എങ്കിൽ വീട്ടിൽ വച്ച് ഭർത്താക്കന്മാരോടു ചോദിച്ചുകൊള്ളട്ടെ''.[54]

---

54 . യവന ഭാഷയിൽ സ്ത്രീ, ഭാര്യ ഇവയ്ക്ക്, ഒരു വാക്കുമാത്രമേയുള്ള. അതുപോലെ പ ുരുഷൻ, ഭർത്താവ് ഇതിനും യവനഭാഷയിൽ ഒരു വാക്കാണ് ഉപയോഗിക്കുന്നത്. സന്ദർഭം അനുസരിച്ചുമാത്രമെ ഈ വാക്കുകളുടെ യഥാർത്ഥ അർത്ഥം ഗ്രഹിക്കാൻ കഴിയുകയുള്ളു. ഇവിടുത്തെ സന്ദർഭത്തിൽ പൗലോസ് ഭാര്യ എന്ന ആശയത്തിലാണ് ഇത്

ഭാര്യമാർ അന്യപുരുഷന്മാരോടു സംശയങ്ങൾ ചോദിച്ചിരിക്കാം. ഇത് ഭർത്താക്കന്മാരോടുള്ള ബഹുമാനവും കടപ്പാടും കുറയാൻ ഇടയാക്കിയേക്കാം. ഉല്പത്തി പുസ്തകത്തിന്റെ ആദ്യപേജുകളിൽ പ റഞ്ഞിരിക്കുന്നതുപോലെ സ്ത്രീപുരുഷന് കീഴടങ്ങിയിരിക്കണമെന്നത് വചന പ്രകാരമുള്ള നിയമമാണ് (1 കൊരി 14:34).

സ്ത്രീകൾ സഭയിൽ നിശ്ശബ്ദരായിരിക്കട്ടെ എന്നു പ റഞ്ഞിരിക്കുന്നത് ഭാര്യമാരെക്കുറിച്ചാണ്. ഇത് ഭർത്താവിനോടുള്ള ബഹുമാന ത്തിന്റെ മുഖമുദ്രയായിട്ടാണ് കണക്കാക്കപ്പെടുന്നത്.

## വിഷമവൃത്തത്തിലാക്കുന്ന മറ്റു വാക്യങ്ങൾ (The Other Problem passages)

പൗലോസ് തിമോത്തിയോസിന് എഴുതിയ ലേഖനത്തിൽ കാണുന്ന പ്രസ്താവനകളിലേക്കു നമുക്കൊന്നു കണ്ണോടിക്കാം.

> സ്ത്രീ മൗനമായിരുന്ന് പൂർണ്ണാനുസരണത്തോടുകൂടെ പഠിക്കട്ടെ. മൗനമായിരിപ്പാനല്ലാതെ ഉപദേശിപ്പാനോ പുരുഷന്റെമേൽ അധികാരം നടത്തുവാനോ ഞാൻ സ്ത്രീയെ അനുവദിക്കുന്നില്ല. ആദാം ആദ്യം നിർമ്മിക്കപ്പെട്ടു, പിന്നെ ഹവ്വ; ആദാം അല്ല സ്ത്രീ അത്രേ വഞ്ചിക്കപ്പെട്ടു ലംഘനത്തിൽ അകപ്പെട്ടതു (1 തിമോ 2:11–14).

ദൈവത്തിന്റെ നാവായി സ്ത്രീകളോടും പുരുഷന്മാരോടും ദൈവിക അരുളപ്പാടുകളെ അറിയിച്ച മിറിയാം ദബോറ, ഹുൽദാ, ഹന്നാ, എന്നീ പ്രവാചകികളെക്കുറിച്ച് പൗലോസിന് വ്യക്തമായി അറിവുള്ളതാണ് ന്യായപാലനം നടത്തിയിരുന്ന ദബോറ, യിസ്രായേലിലെ സ്ത്രീകളിലും പ ുരുഷന്മാരിലും ഒരുപോലെ അധികാരം ഉപയോഗിച്ചിരുന്നു. അന്ത്യകാലത്തു ഞാൻ സകലജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും നിങ്ങളുടെ പ ുത്രന്മാരും പുത്രിമാരും പ്രവചിക്കും - എന്ന വചനവും പൗലോസിന് അറിയാമായിരുന്നു. പുരുഷന്മാർക്ക് സന്ദേശം കൈമാറാൻ യേശു സ്ത്രീകളെ ഉപയോഗിച്ചു എന്ന് പൗലോസിന് അറിയാം. സഭായോഗങ്ങളിൽ സ്ത്രീകൾ പ്രാർത്ഥിക്കുകയും പ്രവചിക്കുകയും ചെയ്യട്ടെ എന്ന വാക്യവും പൗലോസിന് അറിയാം. നിങ്ങൾ കൂടിവരുമ്പോൾ ഓരോരുത്തന് സങ്കീർത്തനം ഉ്, ഉപദേശം ഉ്, വെളിപ്പാട് ഉ്, അന്യഭാഷ ഉ്, വ്യാഖ്യാനം ഉ് എന്നൊക്കെ കൊരിന്തിലെ ജന ത്തെ ലേഖനത്തിലുടെ അറിയിച്ചതുപൗലോസിന് അറിയാം (1 കൊരി 14:26) പിന്നെന്താണ് തിമോത്തിയോസിന് എഴുതിയ ലേഖനത്തിൽ ഇങ്ങനെ ഒരു പ്രതിപാദ്യം വരാൻ കാരണം?

ഉല്പത്തിപുസ്തകത്തെ അടിസ്ഥാനപ്പെടുത്തി പൗലോസ് രു കാര്യങ്ങൾ സ്ഥാപിക്കുന്നു. 1) ആദാം ഹവ്വക്ക് മുമ്പേ സൃഷ്ടക്കപ്പെട്ടു, 2) വഞ്ചിക്കപ്പെട്ട് പാപത്തിൽ വീണത് ആദമല്ല, ഹവ്വയാണ്. ഭാര്യാഭർത്താക്കന്മാർ

---

ഉപയോഗിക്കുന്നത് കാരണം അവർ ഭർത്താക്കന്മാരോടുചോദിക്കട്ടെ എന്നു പ റഞ്ഞിരിക്കുന്നു.

തമ്മിലുള്ള യഥാർത്ഥ ബന്ധത്തെ വെളിപ്പെടുത്തുന്നതാണ് ആദ്യത്തെ പ്രസ്താവന. സൃഷ്ടിയുടെ ക്രമമനുസരിച്ച് പുരുഷനാണ് തല. ഇത് പ ൗലോസ് പലയിടത്തും പ്രസ്താവിച്ചിട്ട് (1 കൊരി 11:3, എഫേ 5:23-24).

രാമത്തെ പ്രസ്താവനയിൽനിന്ന് സ്ത്രീകളെ പുരുഷന്മാരേക്കാൾ വേഗത്തിൽ വഞ്ചിക്കാൻ കഴിയുമെന്ന ആശയത്തെയല്ല പൗലോസ് വെളിപ്പെടുത്തുന്നത്. ക്രിസ്തുവാം സഭയിൽ പുരുഷന്മാരേക്കാൾ സ്ത്രീകളാണ് എണ്ണത്തിൽകൂടുതൽ, തന്മൂലം പുരുഷന്മാരാണ് കൂടുതൽ വഞ്ചിക്കപ്പെടാൻ സാദ്ധ്യത. കുടുംബത്തിൽ ദൈവം നിർണ്ണയിച്ചിരിക്കുന്ന ക്രമം തെറ്റുമ്പോൾ, സ്വാഭാവികമായും പിശാച് അവിടെ കടുന്നുകയറുവാനുള്ള സാധ്യതയ്. ഏദൻതോട്ടത്തിൽ കുടുംബത്തിന്റെ ക്രമംതകർന്നു. ആ തകർച്ചയുടെ ഫലമാണ് ഇന്നത്തെ മനുഷ്യന്റെ തകർച്ചയുടെ മൂലകാരണം. ഹവ്വ പൂർണ്ണമായി ആദമിന് കീഴ്പ്പെട്ടിരുന്നില്ല. ദൈവം കൊടുത്ത വിലക്കപ്പെട്ട കനിയെക്കുറിച്ചുള്ള കല്പന ആദാം ഹവ്വക്ക് പങ്കുവച്ചിരുന്നു. എന്നാൽ അത് അവൾ അനുസരിച്ചില്ല (ഉല്പത്തി 2:16-17, 3:2-3). തന്നെയുമല്ല വിലക്കപ്പെട്ട കനി അവനുനൽകി അവന്റെ മേൽ അവൾ അധികാരം സ്ഥാപിക്കുകയായിരുന്നു (ഉല്പത്തി 3:6). ഇവിടെ ആദം ഹവ്വയെ നിയന്ത്രിക്കുകയായിരുന്നില്ല, മറിച്ച് ഹവ്വ ആദത്തെ നിയന്ത്രിക്കുകയായിരുന്നു. ഫലമോ? വീഴ്ച!

## സഭ കുടുംബത്തിന്റെ മാതൃക
## (The Church - A Model of the Family)

കുടുംബത്തിന്റെ വ്യക്തമായ മാതൃകയാണ് സഭ. മൂന്നുവർഷത്തെ സഭാചരിത്രം വെളിപ്പെടുത്തുന്ന ഒരു വസ്തുതയ് - സഭാ കൂട്ടായ്മകൾ വളരെ ചെറുതായിരുന്നു. ഭവനത്തിലാണ് കൂട്ടായ്മകൾ നടന്നിരുന്നത്. ഇടയന്മാർ, മൂപ്പന്മാർ, മേലധികാരികൾ - ഇവരൊക്കേയും ഭവനത്തിന്റെ രക്ഷാധികാരികളുടെ സ്ഥാനത്തായിരുന്നു. ദൈവനിർണ്ണയപ്രകാരം ഉടലെടുത്ത ഈ കൂട്ടായ്മകൾ ഒരു കുടുംബത്തിന്റെ മാതൃക ഉള്ളതായിരുന്നു. സ്ത്രീകളുടെ തെറ്റായ മേധാവിത്വം തീർച്ചയായും കുടുംബത്തിന് അകത്തും പുറത്തും ദോഷങ്ങൾ ഉാക്കും. വനിത പാസ്റ്റർ തന്റെ ഭവനത്തിൽ ശുശ്രൂഷിക്കുന്നതും അവളുടെ ഭർത്താവ് അനുസരണയോടെ അവളുടെ അധികാരത്തിന് കീഴ്പെട്ടിരിക്കുന്നതും ഒന്നാലോചിച്ചുനോക്കു. അത് തീർച്ചയായും ദൈവം കല്പിച്ചിരിക്കുന്ന കുടുംബക്രമത്തിന്റെ മാതൃകക്ക് എതിരാണ്.

അദ്ധ്യക്ഷന്മാർക്കുായിരിക്കേ യോഗ്യതകൾ പൗലോസ് വിവരിക്കുന്നു. അതിൽ ഒരു യോഗ്യത അദ്ധ്യക്ഷൻ പുരുഷൻ ആയിരിക്കണ്ണെമെന്നുള്ളതാണ് (1 തിമോ 3:17). പുരുഷൻ പതിവായി സഭയിൽ ഉപദേശിക്കട്ടെ, സ്ത്രീകൾ ഉപദേശം കൈക്കൊ് പുരുഷന്റെ മേൽ അധികാരം പ്രയോഗിക്കാതെ പ ുരുഷന്കീഴ്പ്പെട്ടിരിക്കട്ടെ എന്ന ക്രമമാണ് കുടുംബത്തിലും സഭയിലും

സ്ത്രീകൾ പാലിക്കേത്. (1 തിമോ 5:17). മൂപ്പൻ/ഇടയൻ/അദ്ധ്യക്ഷൻ ഈ പദവികളിൽ സ്ത്രീകളേക്കാൾ പുരുഷൻ യോഗ്യരാണെന്നാണ് പൗലോസ് വിവരിക്കുന്നത്.

ഭർത്താവിന് വിധേയപ്പെട്ടിരിക്കുന്ന ഭാര്യ, അല്ലെങ്കിൽ ഒരു സ്ത്രീ പ്രാർത്ഥിക്കുക, പ്രവചിക്കുക, സഭയിൽ ഉപദേശം പങ്കിടുക ഇവയൊന്നും ചെയ്യരുതെന്നല്ല ഇതിന്റെ അർത്ഥം. സഭയിലായാലും ഭവനത്തിലായാലും ദൈവം വിധിച്ചിരിക്കുന്ന ക്രമം തെറ്റിക്കാതെ യോഗ്യമാംവണ്ണം പ്രവർത്തിക്കണമെന്നാണ് പൗലോസ് നിർദ്ദേശിക്കുന്നത്. സ്ത്രീക്ക് കുടുംബത്തിൽ വിലക്കപ്പെട്ടതു മാത്രമേ സഭയിലും വിലക്കപ്പെട്ടിട്ടുള്ളു. ഭർത്താവിന്റെ മേലും സഭയിലും സ്ത്രീ അധികാരം പ്രയോഗിക്കരുത്.

പുരുഷന്മാരെപ്പോലെ സ്ത്രീക്കും ശുശ്രുഷയിൽ സഹായിക്കാം. അത് ദൈവം കല്പിച്ചിരിക്കുന്ന ക്രമത്തിനുവിരുദ്ധമല്ല.

തിമോത്തിയോസിന് പൗലോസ് എഴുതിയ ലേഖനത്തിന്റെ പൊരുൾ ഇതാണ്. ദൈവം സ്ത്രീകളെ ശുശ്രൂഷക്ക് ഉപയോഗിക്കുന്നതായി വചന പ്രകാരം തെളിവുകൾ ഉ്. അവരാരും കുടുംബത്തിന്റെയോ സഭയുടെയോ ക്രമത്തെ തെറ്റിക്കുന്നില്ല. ഇവരാരും പുരുഷന്റെ മേൽഅധികാരം പ്രയോഗിക്കുന്നതായും അറിവില്ല. അനേകർ കൂടിവരുന്ന ഒരു ഭവനകൂട്ടായ്മയിൽ ഭർത്താവിന് പങ്കാളിത്വമൊന്നുമില്ലാതെ ഭാര്യതന്നെ എല്ലാ അധികാരവും കയ്യടക്കി പ്രവർത്തിക്കുന്നത് ദൈവം മനുഷ്യന് കല്പിച്ചിരിക്കുന്ന ദൈവികക്രമത്തിന് വിരോധമാണ്.

യിസ്രായേലിന് ന്യായപാലനം നടത്തിയ ദബോറയോ, കർത്താവിനെക്കുറിച്ച് പറയാൻ പറഞ്ഞ ഹന്നയോ, യേശുവിന്റെ ഉയർപ്പിനെക്കുറിച്ചുള്ള സന്ദേശം പ്രചരിപ്പിക്കാൻ വിളിക്കപ്പെട്ട മറിയയും കൂട്ടുകാരുമോ, ദൈവത്തിനോ വചനത്തിനോ എതിരായി സംസാരിച്ചതായി കാണുന്നില്ല. എന്നാൽ സഭാ കൂട്ടായ്മകളിൽ സ്ത്രീകൾ തെറ്റായ സന്ദേശത്തിലുടെ പുരുഷന്റെമേൽ അധികാരം ചുമത്തി സഭയേയും സമൂഹത്തേയും വഴിതെറ്റിക്കുന്നത് അനുവദനീയമല്ല.

## ഉപസംഹാരം
## (In Conclusion)

നമുക്ക് നമ്മോടുതന്നെ ചോദിക്കാം – സ്ത്രീകൾ ശുശ്രൂഷചെയ്യുന്നതിൽ അടിസ്ഥാനപരമായി എന്ത് തെറ്റാണ് ഉള്ളത്? ദൈവം നൽകിയ കൃപ ഉപയോഗിച്ച് അവരിൽ നിന്നുതിരുന്ന അനുകമ്പകൊ് മറ്റുള്ളവരെ സേവിക്കുന്നതിൽ എന്താണ് തെറ്റ്? ധാർമ്മികമായ എന്തുവ്യതിയാനമാണ് അതിന്റെ പിന്നിലുള്ളത്? ഭാര്യഭതൃബന്ധത്തിൽ ദൈവം

കല്പിച്ച നിയമങ്ങൾ പാലിക്കുന്നുടോ എന്നതിന്റെ അടിസ്ഥാനത്തിലാണ് സ്ത്രീകളുടെ ശുശ്രുഷയെ വിലയിരുത്തുന്നത്.

സ്ത്രീകളെ ശുശ്രൂഷയിൽനിന്ന് മാറ്റിനിർത്താൻ ഒരു ചെറിയ പ ഴുതുമാത്രമേയുള്ളു. മറ്റനേകം മാർഗ്ഗത്തിൽ ദൈവം തന്റെ മഹത്വം വെളിപ്പെടുത്താൻ സ്ത്രീകളെ അധികമായി ആയിരക്കണക്കിന് വർഷങ്ങൾകൊ് ഉപയോഗിച്ചുകൊിരിക്കുന്നു. അനുഗ്രഹിക്കപ്പെട്ടരീതിയിൽ ഉപയോഗിക്കപ്പെട്ട അനേകസ്ത്രീകളെ നമുക്ക് വചനത്തിൽ കാണാം. യേശുവിന്റെ അടുത്ത സുഹൃത്തുക്കൾ സ്ത്രീകളായിരുന്നു എന്നു നാം മറന്നുപോകരുത് (യോഹ 11:5). യേശുവിന്റെ ശുശ്രൂഷയെ അവർ താങ്ങിയിരുന്നു (ലൂക്കോ 8:1-3) ഇങ്ങനെ പുരുഷന്മാരെക്കുറിച്ച് പറയുന്നില്ല. ശമര്യാക്കാരി യേശുവിൽ നിന്നുകേട്ട വചനം സുഖാർപട്ടണവിശ്വാസികളുമായി പങ്കുവച്ചു തന്മൂലം അവർ യേശുവിൻ വിശ്വസിച്ചു. (യോഹ 4:28-30, 39). തബീഥാ വളരെ സത്പ്രവൃത്തികളും ദാന ധർമ്മങ്ങളും ചെയ്തവളായിരുന്നു (അപ്ര 9:36). യേശുവിനെ സ്വച്ഛജഡമാംസി തൈലം കൊ് അഭിഷേകം ചെയ്തത് ഒരു സ്ത്രീയായിരുന്നു (മർക്കോ 14:3-9). യരുശലേമിന്റെ തെരുവിലൂടെ കുരിശും ചുമന്നു പോകുന്ന യേശുവിനെ ക് സ്ത്രീകൾ വാവിട്ടു കരഞ്ഞു. പുരുഷന്മാർ കരഞ്ഞു എന്നു രേഖപ്പെടുത്തിയിട്ടില്ല. ഈ ഉദാഹരണങ്ങളെല്ലാം ഒരു വസ്തുത വെളിവാക്കുന്നു - ദൈവവേലയ്ക്ക് സ്ത്രീകൾ അവശ്യഘടകമാണ്. ദൈവം ഏല്പിച്ച ശുശ്രൂഷചെയ്യാൻ നാം അവരെ പ്രോത്സാഹിപ്പിക്കണം. നമുക്ക് അവരെ ആവശ്യമാണ്.